പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3486 14.03.2017 ലെ മറുപടിക്ക്***

## ***നോർക്ക റൂട്ട്സിന്റെ ബോർഡ് അംഗങ്ങൾ***

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ് : | ശ്രീ. പിണറായി വിജയൻ **(മുഖ്യമന്ത്രി)** |
| (എ) നോർക്ക റൂട്ട്സിന്റെ ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അംഗങ്ങൾ ആരെല്ലാം; | (എ) സർക്കാരിന്റെ 30.01.2017 തീയതിയിലെ ജി. ഒ (ആർ. റ്റി) 9/2017/നോർക്ക നം. ഉത്തരവ് പ്രകാരം നോർക്ക – റൂട്ട്സിന്റെ ഡയറക്ടർ 'ബോർഡ്' താഴെ പറയുന്ന രീതിയിൽ പുന:സംഘടിപ്പിക്കുക യുണ്ടായി. |

| | | |
|---|---|---|
| 1 | ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി | ചെയർമാൻ |
| 2 | ശ്രീ.എം.എ.യൂസഫലി | ഡയറക്ടർ |
| 3 | ശ്രീ.സി.കെ.മേനോൻ | ഡയറക്ടർ |
| 4 | ഡോ.എം.അനിരുദ്ധൻ | ഡയറക്ടർ |
| 5 | ശ്രീ. കെ. വരദരാജൻ | ഡയറക്ടർ |
| 6 | ശ്രീ. ഒ. വി. മുസ്തഫ | ഡയറക്ടർ |
| 7 | ശ്രീ. ആസാദ് മൂപ്പൻ | ഡയറക്ടർ |
| 8 | ഡോ. രവിപിള്ള | ഡയറക്ടർ |
| 9 | ശ്രീ. സി. വി. റപ്പായി | ഡയറക്ടർ |
| 10 | അഡീഷണൽ ചീഫ് സെക്രട്ടറി, നോർക്ക വകുപ്പ് | ഡയറക്ടർ |
| 11 | അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | ഡയറക്ടർ |
| 12 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | എക്സ് ഒഫീഷ്യോ ഡയറക്ടർ |

| | |
|---|---|
| (ബി) ഇതിന്റെ ഭരണ സംവിധാനമെന്തെല്ലാം; ഇതിന്റെ സംസ്ഥാന /ജില്ലാ /മേഖലാ തലങ്ങളെ കുറിച്ചുള്ള വിശദവിവരം നൽകുമോ; | (ബി) **ഹെഡാഫീസ്** നോർക്ക റൂട്ട്സിന്റെ മേലധികാരി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ്. അദ്ദേഹമാണ് ഓഫീസിന്റെ സാമ്പത്തി കവും ഭരണപരവുമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്ന ഉന്നതാധി കാരി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് തൊട്ടുതാഴെയായി നോർക്ക റൂട്ട്സിന്റെ |

എല്ലാ പ്രവർത്തനങ്ങളിലും മേൽനോട്ടം വഹിക്കുന്നതിനു വേണ്ടി ജനറൽ മാനേജർ ഉണ്ട്. കൂടാതെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അസിസ്റ്റന്റ് മാനേജർ തുടങ്ങിയ ഓഫീസർമാരും അവരുടെ കീഴിൽ ജീവനക്കാരും ഉണ്ട്.

**റീജണൽ ഓഫീസ് -മൂന്ന്**

(തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്)

പ്രസ്തുത മൂന്ന് റീജണൽ ഓഫീസുകളുടെ പ്രവർത്തനത്തിനായി സെന്റർ മാനേജർമാരും, അവരുടെ കീഴിൽ ജീവനക്കാരും ഉണ്ട്.

**ജില്ലാ നോർക്ക സെല്ലുകൾ**

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ ഒഴികെയുള്ള 11 ജില്ലാ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകൾ പ്രവർത്തിക്കുന്നു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ സെല്ലുകൾ തിരുവനന്തപുരം റീജണൽ ഓഫീസിന്റെ കീഴിലും, പാലക്കാട്, കോട്ടയം, തൃശ്ശൂർ, ഇടുക്കി എന്നീ സെല്ലുകൾ എറണാകുളം റീജണൽ ഓഫീസിന്റെ കീഴിലും കണ്ണൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ സെല്ലുകൾ കോഴിക്കോട് റീജണൽ ഓഫീസിന്റെ കീഴിലും പ്രവർത്തിക്കുന്നു.

**എൻ. ആർ. കെ. ഡെവലപ്പ്മെന്റ് ഓഫീസ്**

ന്യൂ ഡൽഹി, മുംബൈ എന്നീ സംസ്ഥാനങ്ങളിൽ എൻ. ആർ. കെ ഡെവലപ്പ്മെന്റ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസിന്റെ പ്രവർത്തനത്തിനായി എൻ. ആർ. കെ ഡെവലപ്പ്മെന്റ് ഓഫീസറും, അദ്ദേഹത്തിന്റെ കീഴിൽ ജീവനക്കാരും ഉണ്ട്. കൂടാതെ ബാംഗ്ലൂർ, ചെന്നൈ, ബറോഡ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

(സി) ഓരോ തലത്തിലും (സി) ഉദ്യോഗസ്ഥരുടെ വിശദവിവരം (സ്ഥിരം/കരാർ/ഡെപ്യൂട്ടേഷൻ/ദിവസവേതനം) എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

ഓരോ തലത്തിലും ഉള്ള ഉദ്യോഗസ്ഥരുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഓരോ വിഭാഗത്തിലും 2015 -16, 2016 -17 വർഷങ്ങളിൽ ശമ്പളയിനത്തിൽ നൽകിയ തുക എത്ര; വിശദാംശം ലഭ്യമാക്കമോ?

(ഡി)

| വിഭാഗം | **2015-16** | **2016-17** |
|---|---|---|
| ഡെപ്യൂട്ടേഷൻ | 90,80,895 | 85,91,125 |
| സ്ഥിരം | 51,97,766 | 51,46,465 |
| കരാർ | 71,17,576 | 97,63,606 |
| ദിവസവേതനം | 5,75,761 | 3,66,753 |

Sheyih

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| | ഡെപ്യൂട്ടേഷൻ | സ്ഥിരം | കരാർ | ദിവസവേതനം |
|---|---|---|---|---|
| **ഹെഡാഫീസ്** | 6 | 11 | 21 | 2 |
| റീജണൽ ഓഫീസ്, തിരുവനന്തപുരം | 1 | 1 | 6 | - |
| **റീജണൽ ഓഫീസ്, എറണാകുളം** | 2 | 1 | 5 | - |
| **റീജണൽ ഓഫീസ്, കോഴിക്കോട്** | 3 | 3 | 7 | - |
| **എൻ.ആർ.കെ ഡെവലപ്പ്മെന്റ് ഓഫീസ്, ന്യൂഡൽഹി** | 1 | - | 2 | - |
| **എൻ.ആർ.കെ ഡെവലപ്പ്മെന്റ് ഓഫീസ്, മുംബൈ** | 1 | - | 2 | - |
| സാറ്റലൈറ്റ് ഓഫീസ്, ബാംഗ്ളൂർ | 1 | - | - | - |
| **ജില്ലാ സെൽ കൊല്ലം** | - | - | 1 | - |
| **ജില്ലാ സെൽ പത്തനംതിട്ട** | - | - | 2 | - |
| **ജില്ലാ സെൽ ആലപ്പുഴ** | - | - | 2 | - |
| **ജില്ലാ സെൽ കോട്ടയം** | - | - | 2 | - |
| **ജില്ലാ സെൽ പാലക്കാട്** | - | - | 1 | - |
| **ജില്ലാ സെൽ ഇടുക്കി** | - | - | 1 | - |
| **ജില്ലാ സെൽ തൃശ്ശൂർ** | - | - | 2 | - |
| **ജില്ലാ സെൽ കണ്ണൂർ** | - | - | 2 | - |
| ജില്ലാ സെൽ മലപ്പുറം | - | - | 2 | - |
| ജില്ലാ സെൽ വയനാട് | - | - | - | 1 |
| **ജില്ലാ സെൽ കാസർഗോഡ്** | - | - | 1 | - |
| സാറ്റലൈറ്റ് ഓഫീസ്, ചെന്നൈ | - | - | 1 | - |
| **ആകെ** | 15 | 16 | 60 | 3 |

Sheejk
സെക്ഷൻ ഓഫീസർ